കേരള സർക്കാർ

# ഞാറക്കൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.3)1759/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് –
682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :26.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞാറക്കൽ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഞാറക്കൽ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഇകെഎം(പി.3)1759/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ–മെയിൽ :doekm.ksad@kerala.gov.in
തീയതി :26.10.2017

എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.10.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടികൾ പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ് .വിജയകുമാർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.08.2017 മുതൽ 02.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മൈക്കിൾ.കെ.എ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഉമ.ജി<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ സജീവ്.എൻ.എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.കവിത എസ്. കണ്ണൻ ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ഷിൽഡ റിബേരോ | 01.04.2016മുതൽ 31.03.2017വരെ |
| വൈസ് പ്രസിഡണ്ട് | ശ്രീ.എ.പി.ലാലു | 01.04.2016മുതൽ 31.03.2017വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ/ചെയർമാൻ വികസനകാര്യം | ശ്രീ.എ.പി.ലാലു | 01.04.2016മുതൽ 31.03.2017വരെ |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ - ആരോഗ്യം , വിദ്യാഭ്യാസം | ശ്രീ.മണി സുരേന്ദ്രൻ | 01.04.2016മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ക്ഷേമകാര്യം | ശ്രീ.സാജു മേനാച്ചേരി | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.കെ.എസ് ശശീന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.ആർ സാജൻ<br><br>ശ്രീമതി ശ്രീദേവി.എൻ.കെ | 01.04.2016 മുതൽ 04.01.2017 വരെ<br><br>05.01.2017 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നീതു ഗോപാൽ | 01.04.16 മുതൽ 31.03.17 വരെ |
| ഹെഡ്മിസ്ട്രസ് , ഗവ.ഫിഷറീസ് യു.പി.എസ് | ശ്രീമതി ആശാലത | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീമതി ധന്യ പുരുഷോത്തമൻ | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ജിജി ജോസഫ് | 01.04.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | റോസി | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ .വിമല | 01.04.16മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ : അജിത സി.എസ്. | 01-04-16 മുതൽ 28-02-17 വരെ . |
| | ഡോ: ശ്രീരാജ്, മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, എടവനക്കാട് (ചുമതല) | 01-03-17 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദ എൻ.എച്ച്.ആർ എം. ആശുപത്രി | ഡോ.അനുദാസ് | 01.04.16മുതൽ 31.03.2017 |
| ഫിഷറീസ് സബ്-ഇൻസ്പെക്ടർ | ശ്രീമതി രമ്യ കെ.ഡി. | 01-04-16 മുതൽ 31-03-17 വരെ |
| വി.ഇ.ഒ.(ഈസ്റ്റ്) | ശ്രീമതി വിജയ | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ.(വെസ്റ്റ്) | ശ്രീമതി രമാദേവി | 01.04.16 മുതൽ 31.03.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം ഒന്ന് | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം - 2 | | |
| 11 | തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ | 2-1 | |
| 12 | ലേലത്തുക-പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 4841/-രൂപ നഷ്ടം | 2-2 | |
| 13 | കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത | 2-3 | |
| 14 | വിനോദ നികുതി ഈടാക്കിയതിൽ കുറവ്. | 2-4 | |
| 15 | ഡി ആൻഡ് ഒ ലൈസൻസില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 | |
| 16 | പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കാതെ സ്ഥാപനം രണ്ട് വർഷത്തോളം പ്രവർത്തിച്ചു | 2-6 | |
| | ഭാഗം - 3 | | |
| 17 | കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല | 3-1 | |
| 18 | സാക്ഷരതാ പ്രേരകിന് വേണ്ടി ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല. | 3-2 | |
| 19 | വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ധനസഹായം അനുവദിച്ചു | 3-3 | |
| 20 | വിദേശത്ത് ജോലിക്ക് ധനസഹായം -മതിയായ രേഖകൾ ലഭ്യമല്ല. | 3-4 | |
| 21 | എസ്.സി.വീട് റിപ്പയറിംഗ്-വീടിന്റെ കാലപ്പഴക്കം നിർണ്ണയിക്കാതെ ധനസഹായം നൽകി | 3-5 | |
| 22 | ഫയലുകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു. | 3-6 | |
| 23 | പെൻഷൻ വിതരണത്തിലെ അപാകതകൾ | 3-7 | |
| 24 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.300000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-8 | |
| | ഭാഗം 4 | | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 | |
| 28 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

| | | |
|---|---|---|
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 28.03.2016-ലെ തീരുമാനം നമ്പർ ഒന്ന് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെയും യഥാർത്ഥ വരവ്-ചെലവുകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 7,10,93,000 | 7,10,06,000 |
| വാർഷിക കണക്കുകൾ പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 45826651 | 42692752 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പരിശോധിച്ചതിൽ സംസ്ഥാന ആവിഷ്കൃത പദ്ധതികളായ വിവിധ ക്ഷേമ പെൻഷനുകൾ നടപ്പാക്കുന്നതിന് ലഭിക്കുന്ന ഫണ്ടുകളുടെ വരവ്, അവയുടെ ചെലവ് എന്നിവ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം സാമൂഹിക പെൻഷൻ ഇനത്തിൽ ഇ.എഫ്.എം.എസ്. വഴി 22788815/- രൂപ വരവും ചെലവും വന്നിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവർത്തികൾക്ക് 2കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ഇ.എഫ്.എം.എസ് വഴി 10584733/- രൂപ മാത്രമാണ് വരവായി വന്നിട്ടുള്ളത്. ഇ.എഫ്.എം.എസ് വഴിയുള്ള വരവുചെലവുകൾ വരവ്-ചെലവുപത്രികയിൽ ഉൾപ്പെടുന്നില്ല. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 30.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച വിവരം

ധനകാര്യപത്രിക 29.08.2017 ൽ പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 11035062 |
| വരവ് | 45826651 |
| ആകെ | 56861713 |
| ചെലവ് | 42692752 |
| നീക്കിബാക്കി | 14168961 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് വരവ് തുക | ആകെ വരവ് | അക്കൗണ്ട് പ്രകാരം ചെലവ് | ചെലവഴിക്കാതെ ബാക്കിയായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 10709921 | 10709921 | 8551347 | 2158574 | 80 |
| വികസന ഫണ്ട് (എസ്.സി.പി) | - | 68,84,685 | 68,84,685 | 44,18,923 | 24,65,762 | 64 |
| വികസനഫണ്ട് (ടി.എസ്.പി) | - | 1,80,411 | 1,80,411 | 42,000 | 1,38,411 | 23 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 37,27,518 | 37,27,518 | 14,89,554 | 22,37,964 | 40 |
| സംരക്ഷണ ഗ്രാന്റ് (NR) | - | 28,89,516 | 28,89,516 | 16,98,241 | 11,91,275 | 59 |
| KLGSDP | - | 41,83,624 | 41,83,624 | 1935191 | 22,48,433 | 58 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 60,07,016 | 60,07,016 | 33,87,482 | 26,19,534 | 56 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 427 | 11369415 | 11369842 | 11235563 | 134279 | 98.82 |
| ബി.ഫണ്ട് | - | 22989815 | 22989815 | 22989815 | - | 100 |

(എൻ.ജി.ആർ.ഇ.ജി.എസ്. വരവിൽ EFMS മുഖേന ലഭിച്ച 10584733രൂപയും ബി.ഫണ്ട് വരവിൽ 22788815 രൂപയും ഉൾപ്പെട്ടിട്ടുണ്ട്.)

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 143 | 4,98,57,821 | 102 | 2,40,79,208 | - | 41 | 71 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 18 | 53,95,401 | 40,46,668 | 75 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 9 | 1,10,99,000 | 17,97,600 | 16 |
| ഹെഡ് മിസ്ട്രസ്, ഗവ.യു.പി.എസ്. | 3 | 3 | 55,000 | 55,000 | 100 |
| വി.ഇ.ഒ | 7 | 7 | 43,89,500 | 40,80,230 | 93 |
| കൃഷി ഓഫീസർ | 4 | 4 | 959949 | 7,98,806 | 83 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 6,24,800 | 4,32,800 | 69 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4 | 3 | 1039601 | 9,22,146 | 89 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 43,34,000 | 36,43,805 | 84 |
| മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി | 1 | 1 | 2,00,000 | 2,00,000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 5,00,000 | 5,00,000 | 100 |
| ഫിഷറീസ് ഇൻസ്പെക്ടർ | 2 | 2 | 5,0,4000 | 3,07,400 | 61 |
| അസി.എഞ്ചിനിയർ | 76 | 44 | 2,07,56,570 | 72,94,753 | 32 |

| | | | | | |
|---|---|---|---|---|---|
| ആകെ | 143 | 102 | 4,98,57,821 | 2,40,79,208 | |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % |
|---|---|---|---|---|
| നികുതി വരവുകൾ | 42,28,329 | 55,37,465 | 13,09,136 | (+) 31 |
| നികുതിയേതര വരവുകൾ | 24,47,654 | 21,63,945 | 2,83,709 | (-) 12 |
| മറ്റ് വരവുകൾ | 2,48,900 | 2,42,291 | 6,609 | (-) 3 |
| ആകെ | 69,24,883 | 79,43,701 | 10,18,818 | + 15 |

തൻവർഷം നികുതി വരുമാനം 15 % കൂടിയിട്ടുണ്ട്.

.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി-ചെലവ് വിവരം

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 959220 | 144 |
| 2 | തൊഴിൽ രഹിത വേതനം | 171000 | 102 |
| 3 | വിധവാ പെൻഷൻ | 6055670 | 801 |
| 4 | വികലാംഗ പെൻഷൻ | 1369130 | 203 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 545790 | 83 |
| 6 | വാർദ്ധക്യകാല പെൻഷൻ | 13859005 | 1327 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30000 | 01 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2017 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 5718/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26.07.17മുതൽ 27.07.17വരെ | 06/2017 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ | 18.01.2016മുതൽ 01.02.2016 വരെ | 2010-11മുതൽ 2014-15 വരെ | 11.03.2016 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | | | | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുന്നതിൽ അപാകതകൾ

1994 കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ്- 204 (1) (i,ii) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനുള്ളിലോ അതിന് വെളിയിലോ ഏതെങ്കിലും തൊഴിലിലോ ബിസിനസിലോ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും അവരുടെ വരുമാനത്തിനനുസൃതമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളിൽ തൊഴിൽനികുതി ചുമത്താവുന്നതാണ്.ഇപ്രകാരംനികുതി ഈടാക്കിയിട്ടുണ്ടോയെന്ന് അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-5/29.8.17) മറുപടി നൽകിയില്ല. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

എ) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷം ഓരോ അർദ്ധവർഷവും 1250/-രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതാണ്.

1 BSNL
2ഞാറയ്ക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്
3 സപ്ലൈകോ സൂപ്പർമാർക്കറ്റ്, പെരുമ്പിള്ളി
4 മാവേലി സ്റ്റോർ , ഞാറയ്ക്കൽ
5 KSEB, ഞാറയ്ക്കൽ
6 KSCCF Ltd (ഒന്നാം അർദ്ധവർഷം മാത്രം)

ബി) പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷനെടുത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ /സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരിൽ നിന്നും മറ്റ് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ആയത് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ. നം | സ്ഥാപനം | നടത്തിപ്പുകാരന്റെ പേര് | ജോലി ചെയ്യുന്നവരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|---|
| 1 | അമൃത കമ്മ്യൂണിറ്റി ഹെൽത്ത് ട്രെയിനിംഗ് സെന്റർ | സെക്രട്ടറി, അമൃതാനന്ദമയി മഠം | ഡോക്ടർ- 4<br>ജീവനക്കാർ- 10 | 14/16-17<br>3.6.16 |
| 2 | സ്മൈൽ ഡിസൈൻ ദന്തൽ ക്ലിനിക്ക് | നവീൻ തോമസ് എളങ്കുന്നപ്പുഴ | ഡോക്ടർ- 1<br>ജീവനക്കാർ- 2 | 10/16-17<br>18.5.16 |
| 3 | ബ്രഹ്മ സ്പൈൻ & പെയിൻ സിദ്ധ ക്ലിനിക്ക് | ഡോ സത്യഭാമ ഞാറയ്ക്കൽ | ഡോക്ടർ- 1<br>ജീവനക്കാർ- 1 | 17/16-17<br>16.7.16 |
| 4 | ശ്രീനാരായണ ക്ലിനിക്കൽ ലാബ്, ഞാറയ്ക്കൽ | ഉഷ ചന്ദ്രൻ ഞാറയ്ക്കൽ | ഡോക്ടർ- 1 | 9/16-17<br>18.5.16 |
| 5 | ശ്രീകൃഷ്ണ ഹോമിയോ ക്ലിനിക്ക് | ഐഷ ബാബു ഞാറയ്ക്കൽ | ഡോക്ടർ- 1 | 6/16-17<br>30.4.16 |
| 6 | മെഡിക്കൽലൈൻ ക്ലിനിക്കൽ ലബോറട്ടറി | ആൻവി രാജു | ജീവനക്കാർ- 3 | 5/16-17<br>3.4.16 |

സി) 2016-17 വർഷം പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ

നികുതി ഈടാക്കിയിട്ടില്ല.ആയത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1. സിൻസൺ ജോസഫ്, താന്നിപ്പിള്ളി വീട്, എടവനക്കാട്

2.വിനു കുമാർ വി സി,വടേപ്പറമ്പിൽ,അയ്യമ്പിള്ളി

3. വിനു രമേഷ്,പൊക്കത്ത്, എളങ്കുന്നപ്പുഴ

4. സന്തോഷ്.എ.റ്റി, ആഞ്ചലശ്ശേരി, എളങ്കുന്നപ്പുഴ

5. തങ്കച്ചൻ എ റ്റി, അറയ്ക്കൽ, നായരമ്പലം

6. സജിത് കുമാർ കെ എസ്,കാന്നിപുരത്ത്,ഞാറയ്ക്കൽ

7. ബാബു കെ കെ, കുഞ്ഞുവീട്ടിൽ, ഞാറയ്ക്കൽ

8. സാബു എം ഡി, മംഗലത്ത് വീട്,ഓച്ചന്തുരുത്ത്

9. വിഷ്ണുദാസ് കെ ആർ,കോച്ചേരി,അയ്യമ്പിള്ളി

10. ജോബി കെ എസ്,കല്ലുക്കാരൻ,ഞാറയ്ക്കൽ

11. മുഹമ്മദ് അയൂബ് എൻ കെ,നടുവിലകത്ത്,എ,

12. ജിതിൻ കെ എം,കാവുങ്കൽ,നായരമ്പലം

13. വിഷ്ണുദത്ത് വി എസ്, വലിയകളം, ചെറായി

14. ജോസഫ് ടൈറ്റസ്, മംഗലത്ത്,ഓച്ചന്തുരുത്ത്

15. ഷാജി വി പി, വലിയകളം, ചെറായി

16. മോൻ മാത്യു, പാലാത്ര,തുരുത്തി

## 2-2 ലേലത്തുക-പിഴപ്പലിശ ഈടാക്കിയതിൽ കുറവ് - 4841/-രൂപ നഷ്ടം

ഞാറയ്ക്കൽ പഞ്ചായത്തിന്റെ അധീനതയിലുള്ള ബാന്ദർ കനാൽ - അപ്പങ്ങാട് കനാൽ മത്സ്യബന്ധനാവകാശം, മത്സ്യമാർക്കറ്റ് എന്നീ ഇനങ്ങളുടെ 2016-17 വർഷത്തെ നടത്തിപ്പവകാശം ലേലം കൊണ്ടത് യഥാക്രമം ശ്രീ ജോസഫ് മയ്യാറ്റിൽ ഞാറയ്ക്കൽ , ശ്രീ കുട്ടൻ എൻ റ്റി നെടിയിരുപ്പിൽ എന്നീ വ്യക്തികളായിരുന്നു.ലേലത്തുക യഥാസമയം ഒടുക്കാത്തതിനാൽ മേൽ വ്യക്തികളിൽ നിന്നും 18% നിരക്കിൽ പിഴപ്പലിശ ഈടാക്കിയതിൽ താഴെപ്പറയും പ്രകാരം കുറവുണ്ട്.(എൻക്വയറി.നം- 13, 30.8.17 ) ആയത് മേൽ വ്യക്തികളിൽ നിന്നോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

| ലേല ഇനം തുക | ലേല ക്കാരൻ | അടവാക്കേണ്ട ലേല ഗഡു തീയതി | അടവാക്കിയ ഗഡു തീയതി | രശീതി | വൈകിയകാലയളവ് (ദിവസം) | പിഴപ്പലിശ | | കുറവ് |
|---|---|---|---|---|---|---|---|---|
| | | | | | | ഈടാക്കേണ്ടത് | ഈടാക്കിയത് | |
| ബാന്ദർ കനാൽ -അപ്പങ്ങാട് കനാൽ മത്സ്യബന്ധനാവകാശം 259000 | ജോസഫ് മയ്യാറ്റിൽ | 64750 4.3.16 | 64750 4.3.16 | 4663 4.3.16 | - | - | - | - |
| | | 64750 30.6.16 | 64750 30.7.16 | 1579 30.7.16 | 29 | 926 | 648 | 278 |
| | | 64750 30.9.16 | 64750 30.9.16 | 2409 30.9.16 | - | - | - | - |
| | | 64750 30.12.16 | 64750 20.3.17 | 4645 20.3.17 | 77 | 2459 | 1295 | 1164 |
| മത്സ്യ മാർക്കറ്റ് | കുട്ടൻ എൻ റ്റി നെടിയിരുപ്പിൽ | 40000 2.4.16 | 40000 2.4.16 | 0025 2.4.16 | - | - | - | - |
| | | 20000 30.4.16 | 20000 1.3.17 | 4126 1.3.17 | 298 | 2939 | - | 2939 |
| | | 20000 30.5.16 | 20,000 2.5.16 | 0464 2.5.17 | - | - | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | 20000 30.6.16 | 20000 2.6.16 | 848 2.6.16 | - | - | - | - |
| | 20000 30.7.16 | 20000 5.7.16 | 1224 5.7.16 | - | - | - | - |
| | 20000 30.8.16 | 20000 4.10.16 | 2493 4.10.16 | 33 | 325 | 400 | (-75) |
| | 20000 30.9.16 | 20000 1.3.17 | 4126 1.3.17 | 148 | 1460 | 1000 | 460 |
| ആകെ | | | | | | | 4841 |

## 2-3 കെട്ടിട നികുതി നിർണ്ണയിച്ചതിലെ അപാകത

പോളി വി.ജോസഫ് വാളൂരാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മെജസ്റ്റിക് തീയറ്റർ റിനവേഷൻ നടത്തി നിലവിലെ കെട്ടിടം മൂന്ന് പുതിയ സിനിമാ തീയേറ്ററുകളായി രൂപാന്തരം വന്നിട്ടുണ്ട്. നിലവിലുള്ളത് XV/361,XV/362,XV/362A/XV/364 എന്നീ കെട്ടിടങ്ങളാണ്. ഇവ പുതിയതായി നിർമ്മിച്ചതായിട്ടാണ് കാണുന്നത്. ഈ കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി. ലഭിച്ചിട്ടുണ്ട്. 25 മുതൽ 50 വർഷം വരെ പഴക്കമുള്ള കെട്ടിടത്തിന് അനുവദിക്കാവുന്ന ഇളവ് ഈ കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് 10% നികുതി ഇളവ് അനുവദിക്കേണ്ടതില്ല. 25 മുതൽ 50 വർഷം വരെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി ലഭിക്കുകയില്ല. അതിനാൽ ഈ കെട്ടിടങ്ങൾ പുതിയതായി കണക്കാക്കി കെട്ടിട നികുതി ഈടാക്കേണ്ടതാണ്. വിവധ കെട്ടിങ്ങൾക്ക് നിർണ്ണയിക്കാവുന്ന വസ്തു നികുതിയുടേയും ഈടാക്കിയ വസ്തു നികുതിയുടെയും വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ വിസ്തീർണ്ണം നിരക്ക് | അടിസ്ഥാന നികുതി | ഇളവുകൾ | | വർദ്ധനവ് | | | ആകെ | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|---|---|---|
| | | | കുറഞ്ഞതരം മേൽക്കൂര | 10% | വഴി സൗകര്യം | തറ വിസ്തീർണ്ണം | എ.സി. 10% | | | |
| 1 | XV/361 355.43 $m^2$ രൂ.. 20 | 7109 | 4691(66%) | 470 | 1422 | 1066 | 710 | 9838 | 8174 | 1663 |
| 2 | XV/362 784.30 $m^2$ രൂ.. 20 | 15686 | 7843 (50%) | 784 | 3137 | 2353 | 1568 | 21960 | 18038 | 3922 |
| 3 | XV/363A (കാന്റീൻ) 33.19 $m^2$ രൂ..30 | 996 | (0%) | 0 | 199 | -- | 100 | 1295 | 1096 | 199 |
| 4 | XV/364A 65.52 $m^2$ രൂ..20 | 1310 | 1310(100%) | 131 | 262 | -- | 131 | 1572 | 1310 | 262 |
| | ആകെ | | | | | | | | | 6046 |

കെട്ടിട നികുതി നികുതി നിർണ്ണയിച്ചതിലെ അപാകതമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 6046/- രൂപ ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## 2-4 വിനോദ നികുതി ഈടാക്കിയതിൽ കുറവ്.

പഞ്ചായത്തിന്റെ വിനോദ നികുതിയിനത്തിലെ വരവ് പരിശോധിച്ചതിൽ ഞാറയ്ക്കലിൽ പ്രവർത്തിക്കുന്ന മെജസ്റ്റിക് തീയറ്ററിന്റെ സ്ക്രീൻ നമ്പർ മൂന്നിന്റെ 12.02.2017ലെ വിനോദ നികുതി മുഴുവനായും പഞ്ചായത്തിൽ അടച്ചിട്ടില്ല എന്ന് കാണുന്നു. ഡി.സി.ആർ. പ്രകാരം ഈ ദിവസം ആകെ പിരിച്ചെടുത്ത വിനോദ നികുതി 5980 രൂപയാണ്. എന്നാൽ 21-02-2017 ലെ രശീതി നമ്പർ 1160150024 പ്രകാരം രൂ. 14171 രൂപ അടച്ചതിൽ ഈ ദിവസത്തെ വിനോദ നികുതിയായി 3096 രൂപ മാത്രമെ ഉൾപ്പെട്ടിട്ടുള്ളൂ. ബാക്കിയുള്ള 2904 രൂപ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി ആൻഡ് ഒ ലൈസൻസില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള പട്ടിക I ൽ ഉൾപ്പെടുന്നതാകയാൽ ( യഥാക്രമം ക്രമ നമ്പർ -142,143 )

ഇവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നും ഡി ആൻഡ് ഒ ലൈസൻസ് ആവശ്യമാണ്.പഞ്ചായത്തിൽ നിന്നും പാരാമെഡിക്കൽ രജിസ്ട്രേഷനെടുത്തിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2016-17 വർഷം ആയത് പ്രകാരം ഡി ആൻഡ് ഒ ലൈസൻസ് നൽകിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം-6/29.8.17) മറുപടി ലഭിച്ചില്ല. പാരാമെഡിക്കൽ രജിസ്റ്റർ പ്രകാരം ഇവയെല്ലാം തന്നെ മുൻവർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയായതിനാൽ 2014-15,2015-16 വർഷങ്ങളിലും ഇവയ്ക്ക് ഡി ആൻഡ് ഒ ലൈസൻസ് നൽകിയിട്ടില്ലായെന്ന് വ്യക്തമാണ്.ആയത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച്, ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും ലൈസൻസ് ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

| ക്രമ.നം | സ്ഥാപനത്തിന്റെ പേര് | പാരാ മെഡിക്കൽ രജിസ്ട്രേഷൻ നം. |
|---|---|---|
| 1 | പനയ്ക്കൽ ലബോറട്ടറി | 1/16-17 |
| 2 | മാമ്പിള്ളി ക്ലിനിക്ക് | 4/16-17 |
| 3 | മെഡിലൈൻ ക്ലിനിക്കൽ ലബോറട്ടറി | 5/16-17 |
| 4 | ശ്രീകൃഷ്ണ ഹോമിയോ ക്ലിനിക്ക് | 6/16-17 |
| 5 | രുദ്ര ക്ലിനിക്കൽ ലബോറട്ടറി | 7/16-17 |
| 6 | ശ്രീനാരായണ ക്ലിനിക്കൽ ലാബ് | 9/16-17 |
| 7 | സ്മൈൽ ഡിസൈൻ ദന്റൽ ക്ലിനിക്ക് | 10/16-17 |
| 8 | ക്രിസ്തുജയന്തി ഹോസ്പിറ്റൽ, പെരുമ്പിള്ളി | 12/16-17 |
| 9 | അമൃത കമ്മ്യൂണിറ്റി ട്രെയിനിംഗ് സെന്റർ | 14/16-17 |
| 10 | ബ്രഹ്മ സ്പൈയിൻ & പെയിൻ സിദ്ധ ക്ലിനിക്ക് | 17/16-17 |
| 11 | ബീന നഴ്സിംഗ് ഹോം | - |
| 12 | സ്മൈൽ മൾട്ടിസ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക്ക് | 8/16-17 |
| 13 | സ്പെഷ്യാലിറ്റി ദന്തൽ കെയർ ഞാറയ്ക്കൽ | 13/16-17 |

.

## 2-6 പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കാതെ സ്ഥാപനം രണ്ട് വർഷത്തോളം പ്രവർത്തിച്ചു

പാരാമെഡിക്കൽ രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷം 11/16-17 ാം നമ്പരായി പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള ബീന നഴ്സിംഗ് ഹോം എന്ന സ്ഥാപനം 2014-15,2015-16 വർഷങ്ങളിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല എന്നു കാണുന്നു. ഫൈൻ ഈടാക്കാവുന്നതാണെന്ന് ബന്ധപ്പെട്ട ക്ലാർക്ക് റിപ്പോർട്ട് ചെയ്തത് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നതിന് 5000/- രൂപ വരെ പിഴ ശിക്ഷ നൽകാവുന്നതാണ്. തുടർച്ചയായ രണ്ടു വർഷം ലൈസൻസില്ലാതെ പ്രവർത്തിച്ച മേൽ സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( നം- 7/29.8.17) മറുപടി ലഭിച്ചില്ല. സ്ഥാപനത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പിഴ ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ 12/17 പ്രകാരം നടപ്പാക്കിയ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് മാർക്കറ്റ് റോഡ് ടൈൽ വിരിക്കൽ എന്ന പ്രവൃത്തിക്ക് 11-08-2015 ൽ കരാറുകാരന് വർക്ക് ഓർഡർ നൽകുകയും 03-10-2015 ൽ കരാർ വെക്കുകയും ചെയ്തു. കരാർ തുക 272055/-രൂപയാണ്. കരാർ പ്രകാരം ആറ് മാസമാണ് പ്രവൃത്തിയുടെ കാലാവധി. എന്നാൽ നിശ്ചിത സമയത്തിനകം പ്രവൃത്തി തീർക്കാൻ കഴിയാത്തതിനാൽ മൂന്ന് മാസത്തേക്ക് കൂടി സമയം നീട്ടി നൽകണമെന്നാവശ്യപ്പെട്ട് 30-03-2016 ൽ കരാറുകാരനായ ശ്രീ. വിനു രമേഷ് അപേക്ഷ നൽകിയതിനെത്തുടർന്ന് സപ്ലിമെന്ററി കരാർ വെച്ച് കാലാവധി നീട്ടി നൽകുകയും 08-09-2016 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് കരാറുകാരനിൽ നിന്നും നിയമപ്രകാരമുള്ള ഫൈൻ കോമ്പൻസേഷൻ എന്നിവ ഈടാക്കാതെയാണ് 30-09-2016ലെ ട്രഷറി ബിൽ നമ്പർ 2/16-17 പ്രകാരം ബിൽ തുക നൽകിയത്. വിശദാംശം ചുവടെ

2012 ലെ PWD മാന്വൽ സെക്ഷൻ 2112 പ്രകാരം 50% കാലാവധി ദീർഘിപ്പിക്കുന്നതിൽ PAC യുടെ (ഇവിടെ 272055/-) 3% ഫൈൻ ഈടാക്കി വേണ്ട കാലാവധി ദീർഘിപ്പിക്കേണ്ടിയിരുന്നത്. എന്നാൽ ഇവിടെ ഫൈൻ ഈടാക്കിയില്ല. അതുപോലെ സെഷൻ 2116.1 പ്രകാരം ദീർഘിപ്പിച്ച കാലവധി കഴിഞ്ഞാണ്പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് (ഇവിടെ 3.7.16 -30.9.16 90 ദിവസം) പ്രതിവാരം PAC യുടെ 0.1% നിരക്കിൽ 1.29% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. അതായത് PAC യുടെ 4.29% (272055x4.29%= 11644/-) കുറവു ചെയ്തു മാത്രമേ ഫൈനൽ ബിൽ തുക നൽകാമായിരുന്നുള്ളു. എന്നാൽ ഈയിനത്തിൽ ഒരു തുകയും കുറവു ചെയ്യാതെയാണ് ബിൽ തുക നൽകിയത് തൻമൂലം 11644/- രൂപയുടെ അധിക ചെലവുണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 30-08-2017 ലെ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.നിയമപ്രകാരമുള്ള പിഴ, കോമ്പൻസേഷൻ എന്നീ ഇനങ്ങളിലായി 11644/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

.

## 3-2 സാക്ഷരതാ പ്രേരകിന് വേണ്ടി ചെലവഴിച്ച തുക തിരികെ ലഭ്യമായില്ല

വൗച്ചർ നമ്പർ 80-07/16-17 തിയതി 25.07.16 ---20300/-

വൗച്ചർ നമ്പർ 60-09/16-17 തിയതി -09.09.16 ---16700/-

സർക്കാർ ഉത്തരവ് (സാധാ) നം 2128/2016/തസ്വഭവ/15.07.2016 പ്രകാരം സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാകുന്ന മുറക്ക് തിരികെ അടവാക്കുമെന്ന വ്യവസ്ഥയിൽ സാക്ഷരതാ പ്രേരകിന് മേൽ വൗച്ചറുകൾ പ്രകാരം നൽകിയ 37000 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിച്ചതിന്റെ വിവരം രേഖാമൂലം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ തുക ലഭ്യമായില്ല എന്ന മറുപടി നൽകിയിട്ടുണ്ട്. ഈ തുക തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ധനസഹായം അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ എസ് 108/16-17 | എസ്.സി.വിവാഹ ധനസഹായം |
| അടങ്കൽ | രൂ. 8,00,000/-(എസ്.സി.പി) |
| ചെലവ് | രൂ. 1,00,000 ബിൽ1/16-17/26.09.16<br>രൂ. 1,00,000 ബിൽ 2/16-17/30.09.16<br>രൂ. 1,00,000 ബിൽ 3/16-17/23.12.16<br>രൂ. 50,000 ബിൽ 7/16-17/10.03.17<br>രൂ. 50,000 ബിൽ 8/16-17/18.03.17 |

| | |
|---|---|
| | |

ഞാറക്കൽ ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി നടപ്പാക്കിയ എസ് സി വിവാഹ ധനസഹായം എന്ന പദ്ധതിയിൽ അംഗീകൃത വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വിവാഹ ധനസഹായം നൽകിയിട്ടുണ്ട്.

1.മനോഹരൻ, മാരാത്തറ വീട്, ഞാറക്കൽ- റേഷൻ കാർഡ് പ്രകാരം APL.

2. ദിനേശൻ, മണപ്പാട്ട് വീട്, ഞാറക്കൽ -റേഷൻ കാർഡ് പ്രകാരം APL.

വരുമാന സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ധനസഹായം നൽകിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ പ്രസ്തുത ഗുണഭോക്താക്കൾ നിർദ്ധനരാണ് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വരുമാന സർട്ടിഫിക്കറ്റില്ലാതെ ധനസഹായം നൽകിയത് എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ കൈപ്പറ്റിയ 100000/-രൂപ(50000*2) തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 വിദേശത്ത് ജോലിക്ക് ധനസഹായം -മതിയായ രേഖകൾ ലഭ്യമല്ല.

| പ്രോജക്റ്റ് നമ്പർ എസ്. 110/16-17 | വിദേശജോലിക്ക് ധനസഹായം |
|---|---|
| അടങ്കൽ | രൂ. 500000/- |
| ചെലവ് | രൂ. 150000/-<br>ബിൽ നമ്പർ 04/16-17/23.12.16<br>രൂ. 50000/-<br>ബിൽ നമ്പർ 16/16-17/28.03.17 |

നിർവ്വഹണ ഉദ്യോഗസ്ഥ : അസി സെക്രട്ടറി

ജി.ഒ.(എംഎസ്)നം.4/2016 തീയതി 11.01.2016 പ്രകാരം പട്ടികജാതി,പട്ടിക വർഗ്ഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം, വിമാനടിക്കറ്റും, തൊഴിൽ വിസയും ഹാജരാക്കുന്ന മുറക്ക് 50000/-രൂപാ വീതം ധനസഹായം നൽകാവുന്നതാണ്. ഞാറക്കൽ പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം നാല് പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് പരിശോധനയിൽ താഴെ പറയുന്ന ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ എല്ലാ രേഖയും ഇല്ലാതെ ധനസഹായം നൽകിയിട്ടുണ്ട്.

(1) വിഷ്ണു കെ സുരേഷ്, കളരിക്കൽ ഹൗസ്- ജോലി വിസ ഇല്ല.

(2) വിനോദ് കുമാർ എൻഎൻ.നികത്തിത്തറവീട്- വരുമാന സർട്ടിഫിക്കറ്റ് , ജോലി വിസ എന്നിവ ഇല്ല. ഹാജരാക്കിയിരിക്കുന്നത് റെസിഡൻസ് വിസയാണ്.

(3) ശരത്ത് സുരേന്ദ്രൻ, ഇമ്പപറമ്പിൽ ഹൗസ് വലിയവട്ടം- അപേക്ഷകൻ APL വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണ്. റേഷൻകാർഡ് പ്രകാരം അപേക്ഷകന്റെ പിതാവ് ബാങ്ക് ജീവനക്കാരനാണെന്ന രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രക്ഷാകർത്താവിന്റെ പേരിൽ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ സ്വന്തം പേരിൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് അംഗീകരിക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 ന്, വിദേശത്ത് ജോലി ചെയ്യുന്ന രേഖകൾ ഹാജരാക്കാമെന്നും, ശരത് സുരേന്ദ്രന്റെ പിതാവ് മരിച്ചിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ആധികാരിക രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 1,50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 എസ്.സി.വീട് റിപ്പയറിംഗ്-വീടിന്റെ കാലപ്പഴക്കം നിർണ്ണയിക്കാതെ ധനസഹായം നൽകി

| പ്രോജക്റ്റ് നമ്പർ എസ് 109/17 | എസ് സി വീട് റിപ്പയറിംഗ് | |
|---|---|---|
| അടങ്കൽ | 1000000/-(എസ് സി പി) | |
| ചെലവ് | 80000 | 5/16-17<br>27.02.17 |
| | 55000 | 19/16-17<br>29.03.17 |

| | | |
|---|---|---|
| | 60000 | 06/16-17<br>07.03.17 |
| | 45000 | 12/16-17<br>24.03.17 |
| | 135000 | 09/16-17<br>18.03.17 |
| | 55000 | 20/16-17<br>30.3.17 |
| ആകെ | 425000 | |

നിർവ്വഹണ ഉദ്യോഗസ്ഥ അസി. സെക്രട്ടറി.

കാലപ്പഴക്കം ചെന്ന വീടുകൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 17ഗുണഭോക്താക്കൾക്ക് 25000/- രൂപാ വീതം ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ വീടുകൾക്ക് നിബന്ധനപ്രകാരമുള്ള കാലപ്പഴക്കം ഉണ്ടെന്ന തെളിയിക്കുന്ന രേഖകൾ ഇല്ലാതെ തന്നെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

1. കോമളം , മരങ്ങാട്ടുതറ ഹൌസ് ,മഞ്ഞനക്കാട്.
2. ചന്ദ്രൻ ,നികത്തിത്തറ ഞാറക്കൽ
3.രമണൻ, കുയിലൻതറ ഞാറക്കൽ
4. ലളിത, കിളിക്കോടൻ വീട്.

ഇപ്രകാരം ധനസഹായം നൽകിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8) പഞ്ചായത്തിന്റെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമാണ് ധനസഹായം അനുവദിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. ഇപ്രകാരമുള്ള ധനസഹായം, അർഹതയുള്ളവർക്കു മാത്രം ലഭ്യമാകുന്നു എന്നും, ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്നും ഉറപ്പുവരുത്തുന്നതി നായി , കാലപ്പഴക്കം സംബന്ധിച്ച രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഫയലുകൾ ഹാജരാക്കിയിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

2016-2017 ൽ ഞാറക്കൽ പഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ തുക | ചെലവ് |
|---|---|---|---|---|
| 1 | എസ്.027/17 | പാലിയേറ്റീവ് കെയർ | 29601 | 24875 |
| 2 | എസ്.038/17 | പാലിയേറ്റീവ് കെയർ | 500000 | 474641 |
| 3 | എസ്. 074/17 | കൊതുക നിയന്ത്രണം | 500000 | 422630 |
| ആകെ | | | | 922146 |

ചെലവ് വിവരങ്ങൾ ഹാജരാക്കാത്തതിനാൽ മേൽപ്പറഞ്ഞ പ്രകാരം നടത്തിയ 922146/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പെൻഷൻ വിതരണത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ 2016-17 കാലയളവിൽ സാമൂഹിക പെൻഷൻ വിതരണത്തിൽ അപാകത കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1)വാർദ്ധക്യ കാല പെൻഷൻ ത്രൈമാസ പെൻഷൻ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ബേബി.എം.ജെ. മേനാച്ചേരി ,ഞാറക്കൽ എന്ന വ്യക്തിക്ക്(പെൻഷൻ ID no- 106590201270) 01.07.16 മുതൽ 01.09.16 വരെയും 01.01.2017 മുതൽ 01.03.2017 വരെയുള്ള പെൻഷൻ തുക 6000/- രൂപ എസ്.ബി.ടിയുടെ അക്കൗണ്ട് നം.33338373339 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.എന്നാൽ ഇതിനിടയിലുള്ള കാലയളവിൽ 01.10.16 മുതൽ 01.12.16 വരെ മേൽ വ്യക്തിയുടെ പെൻഷൻ ഇൻവാലിഡ് അക്കൗണ്ട് നമ്പർ എന്ന കാരണത്താൽ തടഞ്ഞിരിക്കുന്നു.അക്കൗണ്ട് നമ്പർ പരിശോധിച്ചതിൽ യാതൊരു വ്യത്യാസവും കാണാൻ കഴിഞ്ഞില്ല. വ്യക്തമായ കാരണങ്ങളില്ലാതെ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരിക്കുന്നത് ശരിയായ നടപടിയല്ല.ഗുണഭോക്താവിന് കുടിശ്ശിക കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2) വാർദ്ധക്യകാലപെൻഷൻ ത്രൈമാസ പെൻഷൻ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം ഭവാനി,കുന്നത്തുശ്ശേരി,ഞാറക്കൽ എന്ന വ്യക്തിക്ക്(പെൻഷൻ ID no- 106590200374) 01.07.16 മുതൽ 01.09.2016 വരെ പെൻഷൻ തുക സഹകരണ ബാങ്ക് വഴി വിതരണം ചെയ്തതായിട്ട്

രേഖപ്പെടുത്തിയിട്ടുണ്ട്.01.10.2016 മുതൽ 01.12.2016 വരെയുള്ള പെൻഷൻ സ്റ്റാറ്റസിൽ മേൽ വ്യക്തി മരണപ്പെട്ടതായി സഹകരണ ബാങ്ക് തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.എന്നാൽ 01.01.2017 മുതൽ 01.03.2017 വരെയുള്ള ലിസ്റ്റിൽ വീണ്ടും ഈ ഗുണഭോക്താവിനെ ഉൾപ്പെടുത്തിയതിനാൽ തുക വിതരണം ചെയ്യാതെ മടങ്ങിവന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.മരണപ്പെട്ട ഗുണഭോക്താവിന്റെ പേര് ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതും തുക പിന്നീട് പ്രസ്തുത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതിരിക്കേണ്ടതുമാണ്.

പെൻഷൻ വിതരണത്തിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല.300000/-രൂപ തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ വിവിധവാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബിയ്ക്ക് 300000/- രൂപ ബിൽ നം.32/16-17/30.03.17 പ്രകാരം നല്കിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചതായി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ മേൽ തുക തടസ്സപ്പെടുത്തുന്നു.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് / നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വൈപ്പിൻ | 2,00,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് (S045/17) | 2,00,000 | - |
| | 2,56,067 | അംഗനവാടി പോഷകഹാരം(S44/17) | 2,56,067 | - |
| | 1,48,750 | ഹരിതകേരളം മാലിന്യ സംസ്കരണ പദ്ധതി (S154/17) | 1,48,750 | - |
| ജില്ലാ പഞ്ചായത്ത് | 2,00,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് (S045/17) | 2,00,000 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | വിവിധവാർഡുകളിൽ സ്ട്രീറ്റ് ലൈനുകൾ വലിക്കൽ | ബിൽ നം 32/16-17/ 30.03.17 | 300000 | 300000 | പണിപൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | | | 300000 | 300000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1750/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-15 | 1500 | വിനോദ് ഇ.എസ്., ടി.എ | 11601102795 /22.10.2016 |
| 2014-15 | | 250 | ബിന്ദു കെ.ജി. ഒ.എ. | 11601101182 /30.06.2016 |
| ആകെ | | 1750 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45826651 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42692752 |
| വരവിനങ്ങളിലുള്ള നഷ്ടം | 13791 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11644 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1472146 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-2 | 4841 | | ശ്രീ.കെ.എസ് ശശീന്ദ്രൻ സെക്രട്ടറി |
| 2-3 | 6046 | | ശ്രീ.കെ.എസ് ശശീന്ദ്രൻ സെക്രട്ടറി |

| | | | |
|---|---|---|---|
| 2-4 | 2904 | | ശ്രീ.കെ.എസ് ശശീന്ദ്രൻ സെക്രട്ടറി |
| 3-1 | | 11644 | ശ്രീമതി.നീതു ഗോപാൽ അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 13791 | 11644 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,00,000 | ശ്രീ.എം.ആർ.സാജൻ അസി.സെക്രട്ടറി |
| 3-4 | 1,50,000 | ശ്രീ.എം.ആർ.സാജൻ അസി.സെക്രട്ടറി |
| 3-6 | 9,22,146 | ഡോ .വിമല ,മെഡിക്കൽ ഓഫിസർ,പി.എച്ച്.സി. |
| 3-8 | 3,00,000 | ശ്രീ.കെ.എസ് ശശീന്ദ്രൻ സെക്രട്ടറി |
| ആകെ | 1472146 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.ആർ സാജൻ , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് | മന്നായത്ത് ഹൗസ്, കെടാമംഗലം , വടക്കൻ പറവൂർ |
| കെ.എസ് ശശീന്ദ്രൻ സെക്രട്ടറി | സെക്രട്ടറി ഏഴിക്കര ഗ്രാമപഞ്ചായത്ത് | കൈതവളപ്പിൽ വീട് ചെറായി.പി.ഒ പിൻ-683514 |
| നീതു ഗോപാൽ അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഞാറക്കൽ ഗ്രാമപഞ്ചായത്ത് | ശ്രീവത്സം വീട്, Near IRNLPschool മലയംപറമ്പ്, ചാലക്കുടി. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.പി.3-273/02/2.7.99 |
| 1998-99 | എൽ.എഫ്.ഇ.പി.3-1352/2000/21.5.2001 |

| | |
|---|---|
| 1999-2000 | എൽ.എഫ്.ഇ.പി.3-1382/04/14.3.2004 |
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2000-01 ചെലവ് | എൽ.എഫ്.ഇ.പി.3-311/05/4.11.2005/4.1.06 |
| 2001-02 ചെലവ് | എൽ.എഫ്.ഇ.പി.3-312/05/4.11.05/4.1.06 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/15.9.07 |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/24.11.06/ 15.9.07 |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/24.11.06 /15.9.07 |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/24.11.06 /15.9.07 |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 /07/9.3.2010/9.6.10 |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/16.7.09/5.10.09 |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/10.4.12 /1.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ))/11/7.4.12/1.8.12 |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 /6.3.12 |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/9.4.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി3)1132/2016 തീയതി 04.07.2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി3)1923/2016 തീയതി 04.12.2016 |

. അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇകെഎം(പി3)1759/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030

ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 26.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

.

## APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P3)1759/2017

Kerala State Audit Department

District Audit Office, Ernakulam

Civil Station, Kakkanad – 682030

Phone : 0484 - 2422271

e-mail :doekm.ksad@kerala.gov.in

Date : 26.10.2017

Certified that I have audited the Annual Financial Statement of Njarakkal Grama Panchayat in

Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Njarakkal Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director